MEDIA CONSULTANTS

# MANGALAM DAILY

## Small boats also in CBL from next year

**Date :** 27.11.2019 | **Edition : All Kerala** | **Page :** 12 | **Clip size (cm) : W:** 9 **H:** 8

---

# സി.ബി.എല്ലിൽ അടുത്ത സീസൺ മുതൽ ചെറുവള്ളങ്ങളുടെ മത്സരവും

● സ്വന്തം ലേഖകൻ

**ആലപ്പുഴ**

ചാമ്പ്യൻസ് ബോട്ട് ലീഗിൽ അടുത്ത സീസൺ മുതൽ ചെറുവള്ളങ്ങളുടെ മത്സരവും സംഘടിപ്പിക്കും. ജലമേളകൾ കൂടുതൽ ആകർഷകമാക്കുകയെന്ന ലക്ഷ്യത്തോടെ ചെറുവള്ളങ്ങളുടെ ലീഗ് മത്സരം കൂടി സംഘടിപ്പിക്കാൻ ടൂറിസം വകുപ്പ് ഒരുങ്ങുന്നത്. എന്നാൽ വലിയ സ്പോൺസർമാരെ കണ്ടെത്തുന്നതുൾപ്പടെയുള്ള ശ്രമങ്ങൾ വിജയം കണ്ടാലേ ഈ തീരുമാനവുമായി മുന്നോട്ടു പോകുകയുള്ളു. സാമ്പത്തികമായി ഇത്തവണത്തെ സി.ബി.എൽ വിജയമല്ലെങ്കിലും ലീഗ് അടിസ്ഥാനത്തിലുള്ള വള്ളംകളി കൂടുതൽ വിപുലമായ രീതിയിൽ മുന്നോട്ട് കൊണ്ടുപോകുമെന്ന് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് പറഞ്ഞു.

ജനുവരിയിൽ സ്പോൺസർമാരെ തേടി തുടങ്ങും. കേരളത്തിലെ എല്ലാ ജലോൽസവങ്ങൾക്കും ധനസഹായം നല്കാൻ സി.ബി.എൽ വരുമാനത്തിൽനിന്നു ഒരു ഭാഗം നീക്കി വയ്ക്കും.

അടുത്ത സീസൺ മുന്നിൽ കണ്ടുകൊണ്ട് ടൂറിസം വകുപ്പിന്റെ പ്രചാരണ പ്രവർത്തനം ഉടൻ ആരംഭിക്കും.